Registered No C 64.

നസ്രാണിദീപിക

സുറിയാനി

THE SYRIAN CHURCH TRUMPET

പത്രാധിപർ
പുലിക്കോട്ടിൽ യൌസഫ് ശെമ്മാശ്ശൻ

PUBLISHED EVERY WEDNESDAY.

പുസ്തകം ൧൮ | കുന്നംകുളം, ഫ്രാൻസ് കുംഭം ൧൭—ാംനു-ബുധനാഴ്ച. | ലക്കം ൯൪

*ഒരു സംഭാഷണം

(കഥയ)

ഇപ്പോഴത്തെ ബാവാക്കക്ഷിയിൽ പലതുകൊണ്ടും പ്രധാന്യമെത്ത അർഹിച്ചിട്ടുള്ള ഒരു വന്ദ്യവൈദികനായ ദിവ്യശ്രീ മിഖായേൽ കത്തനാർ അവർകളും ഞാനുമായി നടത്തിയ ഒരു സംഭാഷണത്തിലെ പ്രധാനഘട്ടങ്ങളെ കഴിവുള്ളത്തോളം യഥാസ്ഥിതിയിൽ ചുരുക്കി ഉദ്ധരിക്കുന്നു. അല്പം ചില കുശലപ്രശ്നങ്ങളുടെ ശേഷം:—

ഞാൻ:— മലങ്കരസഭയിൽ ഇപ്പോഴുണ്ടായിട്ടുള്ള കുഴപ്പങ്ങൾക്കും വഴക്കുകൾക്കും ഒരു പരിഹാരമാർഗ്ഗമെന്ന നിലയിൽ സഭയുടെ ക്ഷേമത്തിനും സമാധാനത്തിനും ഉപയുക്തമായ എന്തൊരു നിർദ്ദേശമാണ് അവിടുത്തേക്കു നൽകുവാനുള്ളത്?

അച്ചൻ:— പാത്രിയക്കീസുബാവായിക്കു പൂർണ്ണമായി കീഴ്പ്പെടുക എന്നുള്ളത് മാത്രമാണ്.

ഞാൻ:— പാത്രിയക്കീസ് എന്നു ഒരൊറ്റ ആളിനു കീഴ്പ്പെടുകയെന്നോ, അതോ പാത്രിയക്കീസു ശബ്ദത്തിനൊരു ഒരു പര്യായമെന്ന നിലയിൽ നിയമങ്ങൾക്കു കീഴ്പ്പെടുകയെന്നോ അവിടുന്നുദ്ദേശിക്കുന്നത്.

അച്ചൻ:— നിയമങ്ങൾക്കു കീഴ്പ്പെടുകയെന്നു മാത്രം.

ഞാൻ:— ആ നിയമങ്ങൾ പാത്രിയക്കീസു എന്ന ഒരൊറ്റ ആൾ തനിച്ചുണ്ടാക്കുന്നവയോ, അതോ സഭയുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം ഉണ്ടാക്കപ്പെടുന്നവയോ.

അച്ചൻ:— മജലിസ്സു (പ്രദേശത്തെക്കൂട്ടി) ഉണ്ടാക്കുന്നവയാണ്.

ഞാൻ:— അന്ത്യോഖ്യാപാത്രിയക്കീസിന്റെ കീഴിൽ പ്രദേശത്തു അൻപതു പള്ളികളിൽ കൂടുതൽ ഉണ്ടായിരിക്കുമോ?

അച്ചൻ:— ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല.

ഞാൻ:— ബാവായുടെ അധികാരത്തിനു കീഴ്പ്പെട്ടവരായി ഏറിയാൽ ഇരുപതിനായിരത്തിലധികം ജനങ്ങൾ പ്രദേശത്തുണ്ടായിരിക്കുമോ?

അച്ചൻ:— ക്ലിപ്തമായിട്ട് അറിഞ്ഞുകൂടാ.

ഞാൻ:— തൽക്കാലം അതുയുമൊന്നു സങ്കല്പിക്കുന്നതിനു വിരോധമില്ലല്ലോ?

അച്ചൻ:— സങ്കല്പിപ്പാൻ വിരോധമില്ല.

ഞാൻ:— ഈ അൻപതു പള്ളി ഇടവകക്കാരുടെ ന്യായമായ പ്രതിനിധ്യമുള്ളവരാണോ മജലിസ്സു?

അച്ചൻ:— അതെ, അവിടത്തെ ഒട്ടു പള്ളി

* രണ്ടുമൂന്നു മാസങ്ങൾക്കു മുമ്പു മാവേലിക്കരയുള്ള ഒരു പള്ളിയുടെ ഒരു മിശ്രം അയച്ചുതന്നതുണ്ടിത്. പത്രാധിപർ.

ക്കും ഒരു മെത്രാൻവീതമുണ്ട്. അദ്ദേഹം പ്രതിനിധിയായിരിക്കും.

ഞാൻ അപ്പോൾ ഒരു ഇടവകക്കു അതായതു ഒരു പള്ളിക്കു ഒരു വോട്ടവീതം ഉണ്ടായിരിക്കും. അങ്ങനെയല്ലേ?

അച്ചൻ:— അതേ.

ഞാൻ:— ഈ കമ്മിറ്റിയെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ മലങ്കരസഭക്കു എന്തെങ്കിലും സംബന്ധമോ ഉത്തരവാദിത്വമോ? ഉണ്ടോ?

അച്ചൻ:— ഇല്ലെന്നാണ് തോന്നുന്നതു. എങ്കിലും പാത്രിയക്കീസുബാവായെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ മലങ്കരസഭക്കു ഒരു വോട്ടു ഉണ്ടെന്നാണ് അറിവു.

ഞാൻ:— മലങ്കരസഭക്കുള്ള ഈ ഒരു വോട്ടു മജലിസ്സിന്റെ നിയമത്താൽ സുരക്ഷിതമാണോ?

അച്ചൻ:— ആയിരിക്കും.

ഞാൻ:— മജലിസ്സിനെ തെരഞ്ഞെടുപ്പിലും പ്രവർത്തനത്തിലും മലങ്കരസഭയുടെ വോട്ടു വല്ല കാലത്തും പ്രദേശത്തുകാർ ആവശ്യപ്പെട്ടിട്ടുള്ളതായി അവിടത്തേക്കു അറിവുണ്ടോ?

അച്ചൻ:— ഇല്ല. അറിവില്ല.

ഞാൻ:— നമ്മെ അറിയിക്കയും, നമ്മുടെ സമ്മതം ആവശ്യപ്പെടുകയും ചെയ്യാതെ പാത്രിയക്കീസുമാരെ തെരഞ്ഞെടുക്കാൻ കൂടിപ്പോരുന്ന മജലിസ്സു നമ്മെ അപേക്ഷിച്ചേടത്തോളം സാധുവെന്നു ഗണിക്കാമോ? ലോകത്തിൽ എവിടെയെങ്കിലും നടപ്പുള്ള സമാജനടപടിക്രമത്തിനു ഇതു അനുയോജ്യമാണോ?

അച്ചൻ:— അബ്ദുള്ളാബാവായെ തെരഞ്ഞെടുക്കുന്ന സംഗതിയിൽ ഇവിടത്തെ വോട്ടു ആവശ്യപ്പെട്ടിട്ടുണ്ട്.

ഞാൻ:— ഇപ്പോഴത്തെ ബാവായുടെ സംഗതിയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ?

അച്ചൻ:— ഉണ്ടായിരിക്കണം. *

ഞാൻ:— ഉണ്ടെന്നതന്നെയിരിക്കട്ടെ. അപ്പോൾ അൻപതു പള്ളിപ്രതിപുരുഷന്മാർ ഉൾപ്പെട്ടിട്ടുള്ള മജലിസ്സിൽ മുന്നൂറു പള്ളികളും മൂന്നു ലക്ഷം ജനങ്ങളുമുള്ള മലങ്കരസഭക്കു ഒരൊറ്റ വോട്ടിനെ അവകാശമുള്ളുവെന്നാണോ അവിടുന്നു പറയുന്നതു? ശരിയായാലും തെറ്റായാലും നടപ്പു അങ്ങനെയാണ്.

ഞാൻ:— ഏതെങ്കിലും ഭരണവ്യവസ്ഥകളെ ആസ്പദമാക്കിയുള്ള ഒരു മജലിസ്സിനെ തെരഞ്ഞെടുക്കപ്പെടുന്നതെങ്കിൽ, മലങ്കരമഹാഇടവകക്കു ഒരൊറ്റ വോട്ടു എന്ന നിലയിൽ ഒരൊറ്റ പ്രതിനിധി മാത്രം മതിയെന്നാണോ അവിടുന്നു പറയുന്നതു? അതുകൊണ്ടു നാം തൃപ്തിപ്പെടണമോ?

അച്ചൻ:— പോരാ. നമുക്കു ശരിയായ പ്രതിനിധ്യം ഉണ്ടായിരിക്കണം.

* ഉള്ളതുള്ളതു പ്രസിദ്ധമാക്കുന്നു. പത്രാധിപർ.

Cheeran's Fancy Brooches

തനിപവൻ സ്വർണ്ണം,

അഞ്ചുറുപ്പിക മാത്രം

എല്ലാ ഭാഗവും കട്ടിസ്വർണ്ണംകൊണ്ടുണ്ടാക്കിയതിനു വില ൫൦ രൂ.

നാറാണത്തു ഭ്രാന്തകമ്മീഷ്യൻ
മറ്റു ആഭരണങ്ങളും തയ്യാറുണ്ടു.
ചീരൻസ് ബാങ്ക് & ജ്വല്ലറി വർക്സ്,
കുന്നംകുളം.

ഞാൻ:— അങ്ങനെയെങ്കിൽ നമുക്കു അവകാശമുള്ളേടത്തോളം പ്രാതിനിധ്യം നൽകാത്ത ഒരു മജലിസ്സിൽനിന്നു നമ്മെ സംബന്ധിച്ചു തീർച്ചപ്പെടുത്തുന്ന എന്തെങ്കിലും നിശ്ചയങ്ങളോ അഥവാ നിയമങ്ങളോ അനുസരിപ്പാൻ നാം ബാദ്ധ്യസ്ഥരാണോ?

അച്ചൻ:— ഇപ്പോഴത്തെ നിലയിൽ നാം ബാദ്ധ്യസ്ഥരല്ലെന്നു പറയേണം.

ഞാൻ:— അപ്പോൾ ഇപ്പോഴത്തെ നിലയിൽ മലങ്കരസഭ, മജലിസ്സിന്റെ എന്തെങ്കിലും നിയമങ്ങളെ കണ്ണുമടച്ചു സ്വീകരിച്ചുകൊള്ളുന്നതെന്നു പറയുന്നതു ആലോചനാപൂർവ്വമായ ഒരു അഭിപ്രായമാണെന്നു അവിടത്തേക്കു തോന്നുന്നുണ്ടോ?

അച്ചൻ:— ഇപ്പോഴത്തെ നിലയിൽ തോന്നുന്നില്ല.

ഞാൻ:— മലങ്കരഇടവകയുടെ അവിസ്മൃതിക്കും ധനസ്ഥിതിക്കും, പാത്രാഭ്യാസത്തിനും അനുസരണമായി മലങ്കരസഭയുടെ മേൽഭരണത്തെ സംബന്ധിച്ചു ആലോചിപ്പാനും, നിശ്ചയിപ്പാനുമായി

(ശേഷം മുമ്പിലുണ്ടു)

വരുന്നു പിൻ! വരുന്നു പിൻ!!

ശീമയാത്ര

മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ ശീമയാത്രയെപ്പറ്റി വിസ്തരിച്ചു ഏവരും സുഗമരീതിയിൽ എഴുതിച്ചിട്ടുള്ള ഒരു പാട്ടുകൃതി.

വായനക്കാർക്കു ശോകഭരസങ്ങളെ പ്രദാനം ചെയ്യുന്നതു. ഉടനെ അപേക്ഷിപ്പിൻ. വില പ്രതി ഒന്നിനു അണ ൧ മാത്രം പത്തിനു രണ്ടു കമ്മിഷൻ കൊടുക്കപ്പെടും.

പ്രസാധകൻ
ശീമയാത്ര
തിരുവല്ലാ.

THE SYRIAN CHURCH TRUMPET
ഫാൻൻ കുംഭം ക്ര—ാംന- ബുധനാഴ്ച

"നമ്മുടെ ബാവാ"

ഏതെങ്കിലും ഒരു സമുദായത്തിൽ അന്തഃഛിദ്രങ്ങളും കലാപങ്ങളും തുടർച്ചയായി നടക്കയും വ്യക്തിമത്സരങ്ങളും വ്യവഹാരങ്ങളും അടിപിടികളും നടന്നുകൊണ്ടിരിക്കയും ചെയ്യുന്ന ഘട്ടങ്ങളിൽ സാമുദായികമായും, ആത്മീയമായും, രാഷ്ട്രീയമായും ഉള്ള അഭിവൃദ്ധി തീരെ ഇല്ലാതായി പോകുന്ന എന്നു മുറവിളി കൂട്ടാറുണ്ട്. ഇതു ഏറ്റവുണ്ട വാസ്തവം തന്നെയാണെങ്കിലും, എല്ലായ്പ്പോഴും എല്ലാ സംഗതികളിലും വാസ്തവമായിരിക്കുന്നില്ല.

കഴിഞ്ഞ ഫ്ര് വർഷങ്ങൾക്കുള്ളിൽ നമ്മുടെ സഭ പല പ്രയാസഘട്ടങ്ങളിൽകൂടി കടന്നുപോയിട്ടുണ്ട്. കക്ഷിവ്യത്യാസങ്ങൾകൊണ്ടും സമുദായ പ്രമാണികളിൽ ചിലരുടെ ദുഷ്പ്രവൃത്തികൾകൊണ്ടും നിമിത്തവും സമുദായത്തിന്റെ ഒരു ശതമത്തു കേട്ട ഭവിച്ചിട്ടുണ്ടെങ്കിലും മറ്റൊരു ഭാഗത്തു അതിനു അഭിവൃദ്ധിയുടെ ലക്ഷണങ്ങൾ ഉണ്ടായിട്ടുണ്ടു എന്നു നിസ്സംശയം പറയാവുന്നതാണ്.

ചില വൃക്ഷങ്ങൾക്കു ഇടിവെട്ടു പറ്റിട്ട് ചിലപ്പോൾ ചില കൊമ്പുകളും, പലപ്പോഴും തടിയുടെ ഒരു ഭാഗംപോലും കേടുവന്നു പോകാറുണ്ടെങ്കിലും കേടുപറ്റാതെ മറ്റു ചില കൊമ്പുകൾ തളിർത്തു ഫലം കായ്ക്കയും അതുമൂലം പുതലായി പോയിട്ടുള്ള തടിയുടെ ആ ഭാഗം ക്രമേണ ശരിപ്പെട്ടു തോൽവന്നു മൂടാനും പതിവുണ്ട്. കേട്ടവന്നു ജീർണ്ണിച്ചഭാഗം ഒരു പക്ഷെ മുറിഞ്ഞുപോയി എന്നു വരാമെങ്കിലും, മരം പൂർവ്വാധികം ശക്തിപ്പെട്ടു അപ്രതീക്ഷിതമാംവണ്ണം ഫലം കായ്ക്കും. ചില വൃക്ഷങ്ങൾക്കു (ഉദാഹരണമായി തെങ്ങിനു) തീപറ്റുന്നതു ഫലപുഷ്ടി വർദ്ധിക്കുന്നതിനു ഒരു മാർഗ്ഗമായി തീരാറുണ്ട്. ഇതുപോലെ നമ്മുടെ സമുദായത്തിനും ഭയങ്കരങ്ങളായ ബാധകൾക്കിടയിൽ ഉണ്ടായിട്ടുള്ള ഫലപ്രദമായ ശാഖകളിൽ ഒന്നാണ് ബഥനി ആശ്രമം. വേറൊന്നാണ് തിരുമേലപ്പുറം ബാലികാമഠം.

ഈ അവസരത്തിൽ ഇപ്രകാരം ഒരു ലേഖനം എഴുതാനായി ഞങ്ങളെ പ്രേരിപ്പിച്ചതു, കഴിഞ്ഞ ര് കൊല്ലങ്ങളോളം നമ്മുടെ സമുദായത്തെ സ്വാർത്ഥലാഭം കൂടാതെ സേവിച്ച മിസ്സ്. ഹോംസ് എന്ന ആ പാശ്ചാത്യമഹതിയെക്കുറിച്ചു സമുദായത്തിനു പൊതുവേയും സ്ത്രീ സമുദായത്തിനു പ്രത്യേകിച്ചും നഷ്ടപൂർവ്വമായ സൗണക്യം ഉടയാടിട്ടുള്ളതും ദുഃഖസമ്മിശ്രമായ അവരുടെ പോർപാടിൽ, അവരെ യഥാർഹയാത്ര അയച്ചതും, സഭയുടെ മഹാമേലദ്ധ്യക്ഷനാൽ ആദ്ധ്യക്ഷ്യവഹിക്കപ്പെട്ട ആ മഹായോഗത്താൽ പ്രസ്തുതീകരിച്ചിരിക്കുന്ന സുറിയാനിസഭയുടെ കൃതജ്ഞതാ ശബ്ദത്തിന്റെ ആധിക്യത്തെ കാഹളവും ഈ അവസരത്തിൽ ധ്വനിപ്പിക്കുന്നതു കാഹളത്തിന്റെ കടമയാണെന്നുമാത്രം കരുതുന്നതിനാലാണ്. സ്വഭാവത്തെ ആർച്ചുഭൂതാൽ പ്രസ്തുത യോഗനിർവ്വഹണത്തിലെ പല ഭാഗങ്ങളും വിട്ടുകളയേണ്ടി വന്നിട്ടുണ്ടെങ്കിലും പണ്ഡിതാഗ്രേസരനും, ഭാഷാസാഹിത്യ രസികനും, പ്രസിദ്ധ പാശ്ചാത്യമിഷ്യനും, സമുദായാഭിമാനിയുമായ റാവു സാഹിബ്. ഒ. എം. ചെറിയാൻ അവർകളുടെ ശ്രദ്ധേയമായ പ്രസംഗത്തിൽ നിന്നു പല സൂചനകളും പൊതുജനങ്ങളുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നവയായിട്ടുണ്ടെന്നു ഞങ്ങൾക്കു അഭിപ്രായമില്ലാതില്ല.

* * * * * *

ശ്രീമാൻ ചെറിയാൻ അവർകളുടെ കാര്യ്യ സാരജ്ഞതയും, സൂക്ഷ്മവീക്ഷണ ബുദ്ധിയും ഞങ്ങൾ വളരെ ബഹുമാനിക്കുന്നുണ്ടെങ്കിലും ബഥനി സ്ഥാപകന്റെ പരിശ്രമങ്ങൾ "സ്ഥാനസ്ഥിതമല്ലെ" ന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തോടു മുഴുവനായി യോജിക്കുന്നതിനു ഞങ്ങൾക്കു മനസ്സുവരുന്നില്ല.

ഇതുയും പറയുമ്പോഴേക്കു സഭയിൽ "ബഥനിക്കുള്ള സ്ഥാനമെന്തെന്നുള്ള ഒരു ചോദ്യത്തിനു വരുമെന്നുള്ളതു് നിസ്സംശയമാണെങ്കിലുണ്ടാലും അതുവഴിയെ ഒരു പ്രസ്ഥാനത്തിലേക്കു ഞങ്ങൾ ഇപ്പോൾ പ്രവേശിക്കുന്നതിനു ഒരുക്കമില്ല. എങ്കിലും നമ്മുടെ സഭയിൽ നിർജ്ജീവമായിപ്പോയിട്ടില്ലെന്നുള്ള ഒരു വലിയ കാര്യം ചൂണ്ടിയ പക്ഷം ഇൻഡ്യയിലെ ക്രൈസ്തവലോകത്തിനെങ്കിലും മനസ്സിലാക്കാൻ സാധിച്ചിട്ടുള്ള വല്ല സ്ഥാപനവും ഉണ്ടെങ്കിൽ അതു ബഥനിസ്ഥാപനം ഒന്നുമാത്രമാണെന്നു ഞങ്ങൾക്കു മുകതകണ്ഠം നിലവിളിച്ചു പറയുന്നതിനുള്ള ഉറപ്പും ധൈര്യവുമുണ്ടെന്നു ഇവിടെ പ്രഖ്യാപനം ചെയ്തുകൊള്ളുന്നു.

വ്യവഹാരങ്ങളും മത്സരങ്ങളും നടന്നുകൊണ്ടിരിക്കയിൽ പഴഞ്ഞിമുതൽ തിരുവനന്തപുരംവരെ സഭയെ ഉണർത്തിയ ഒരു ആദ്ധ്യാത്മികതീഷ്ണതാകേസുകൾക്കും ചിലപ്പോൾ കക്ഷിത്തകർക്കും ആളുകളും പള്ളികളും പണം കൊടുത്തു വലഞ്ഞിരിക്കുമ്പോൾ തന്നെ—കാഷായവസ്ത്രധാരികളായ ചേർതിരിച്ചു വിളിക്കപ്പെട്ട ഒരു ചെറിയകൂട്ടം "ബഥനി" എന്നും പറഞ്ഞു ചെന്നപ്പോൾ തങ്ങളുടെ മടിശീലകളെ തുറന്നു അനാഥർക്കു വിധവകൾക്കും വേണ്ടിയും ക്രിസ്തുകർത്താവിനെ ശുശ്രൂഷിക്കുന്നതിൽ പങ്കുകൊള്ളുന്നതിനുവേണ്ടിയും ദാനം ചെയ്യുന്നതിനും കക്ഷിവ്യത്യാസമോ, ജാതിവ്യത്യാസമോ, മതവ്യത്യാസമോ കൂടാതെ അതിൽ സഹകരിക്കുന്നതിനു പ്രേരിപ്പെട്ടുണ്ടാകയും ചെയ്ത ആ പരാശക്തിയുടെ വ്യാപാരത്തിനു നമ്മുടെ സമുദായത്തെ ഒന്നിളക്കുന്നതിനു ഇടയാക്കിയതു് ഈ സ്ഥാപനമൊന്നുംതന്നെ മറ്റൊന്താണു്?

ബഥനി സ്ഥാപനത്തിനു ശ്രേഷ്ഠാനുമതിയും ആശീർവ്വാദവും അംഗീകരണവും നൽകിയ നമ്മുടെ വന്ദ്യശ്രേഷ്ഠനായ നമ്മുടെ ബാവാ മാർ ദിവന്നാസ്യാസുമായും ഈ അവസരത്തിൽ അഭിനന്ദിക്കയും ഈ പ്രയാസഘട്ടത്തിൽ ഫാദർ ശിവർഗീസിനെപോലെയുള്ള ഒരു പുരോഹിതനെ നമ്മുടെ സഭക്കു ദാനം ചെയ്തു തന്നതിനു പുകഴ്ത്തുകയും ചെയ്യുന്നതാണ്.

ഏതെങ്കിലും ഒരു പാശ്ചാത്യമിഷ്യനോ വേലയെപ്പോലെ മിക്കവാറും ഒരു ഇന്ത്യൻ സന്ന്യാസിമിഷ്യനാകുന്ന ബഥനിയുടെ വേലയുടെ കേമമായ ഒരു റിപ്പോർട്ടോ സഭയിൽ ചേക്കപ്പെട്ട ആളുകളുടെ സംഖ്യയോ എണ്ണം തരാനില്ല എന്നുള്ളതാണു് ബഥനിയുടെ വേലയിൽ അധികം അഭിനന്ദനീയമായിട്ടുള്ളതു്.

* * * * * *

ഫാദർ ശിവർഗീസ് അവർകൾ വന്ദ്യയോവൃദ്ധനായ നമ്മുടെ വലിയ തിരുമനിയുടെ വലത്തുഭാഗത്തു നിന്നുകൊണ്ടു സമുദായസ്വഭാവം ചെയ്യേണ്ട സംഗതികളെക്കുറിച്ചു മിസ്സർ. ചെറിയാൻ ഇങ്ങിനെ പഠഞ്ഞിരിക്കുന്നു:—

"..... സമുദായത്തിന്റെ നിലനില്പിനെ ഉദ്ദേശിച്ചു ചിന്തചെയ്യുകയും അഭിപ്രായം രൂപപ്പെടുത്തുകയും ചെയ്യുന്നതിനും സംബന്ധിച്ചു അധികാരിയായ നമ്മുടെ ബാവാ മാർ ദിവന്നാസ്യാസുമായും മനസ്സിലെ ശരീരത്തിനു സഹായവും മനസ്സിനു ആശ്വാസവുമായി സമീപത്തുനിന്നു പ്രവൃത്തിക്കുന്നതിൽ മാത്രം ജാഗ്രതകനായിരിക്കേണ്ട റവ: ഫാദർ പി. ഠറി. ശിവർഗീസു അവർകൾക്കും സ്വയം സ്ഥാനഭേദം ചെയ്തു വളർത്തിവരുന്ന ബഥനി സ്ഥാപനപരിശ്രമം തൽക്കാലം സ്ഥാനസ്ഥിരമാണെന്നു എനിക്കു ആശങ്കയുള്ളതുകൊണ്ടും....."

ബഥനി സ്ഥാപനം നമ്മുടെ സഭയിൽ ദീർഘകാലമായി നടന്നുവന്നിട്ടുള്ള "പി. അന്തോനീസിനൊദയാ"കളുടെ ഏച്ചുകൂട്ടിനോട്ടമിക്ക സംഗതികളിലും താരതമ്യപ്പെട്ടതായുണ്ടെന്നുള്ളതിനു രണ്ടുപക്ഷമില്ല. നമ്മുടെ സഭയിലെ നടപ്പുനടപ്പുകൾ [illegible] ടെ പൂജനീയനായ പുണ്യപിതാവിനെ "നമ്മുടെ ബാവാ മാർ ദിവന്നാസ്യാസുമഹാസ്സ്" എന്ന ഊഷ്മശബ്ദത്തിൽ രണ്ടുപ്രാവശ്യം പറഞ്ഞിട്ടുള്ളതിലേക്കു ചില അസാധാരണ വിചാരങ്ങൾക്കും സൂചനകൾക്കും പക്ഷെ ഇടകൊടുത്തേക്കുകയില്ലായെന്നു ഞങ്ങൾ സംശയിക്കുന്നു. നായകന്മാർ കൂടിട്ടതും മറ്റു പല വിധത്തിൽ പ്രാധാന്യം കല്പിക്കുന്നതും [illegible] ഹിച്ചിട്ടുള്ളതും ആയ ഒരു മഹായോഗത്തിൽ ഉന്നതവിദ്വാഭ്യാസംകൊണ്ടും അഗാധപാണ്ഡിത്യംകൊണ്ടും തിരുവിതാംകൂറിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ ഭരണകർത്തൃക്കളിൽ ഒരു പ്രധാന സ്ഥാനം വഹിക്കുന്നതിനു ഹേതുഭൂതമായ ഒരു സമുദായപ്രമാണി "ബാവാ, ബാവാ" എന്ന സ്വദേശീയനായ ഒരു മെത്രാപ്പോലീത്തായെക്കുറിച്ചു പരസ്യമായി പ്രസ്താവിക്കുമ്പോൾ അതു ഏതൊരെങ്കിലും ഉള്ളിൽ കരുതിയാണെന്നു സാധാരണന്മാർപോലും, സംശയിക്കാനിടയാകുന്നതിൽ അതിശയിപ്പാനില്ല. മൂലപിലമാർത്തോമാസുറിയാനിമെത്രാപ്പോലീത്തന്മാർപോലും അന്ത്യോഖ്യകളിലും പ്രഥമഗണനീയനെന്നു ശത്രുക്കളാൽപോലും സമ്മതിക്കപ്പെട്ടിരിക്കുന്ന ആ വന്ദ്യവ്യക്തിയെ "പിതാവെന്നർത്ഥമുള്ള "ബാവാ" എന്നു വിളിച്ചു എന്നുള്ളതിനെ, യോഗ്യതായോഗ്യതകളെ അശേഷം ഗൗനിക്കാതെ കണ്ടു വെറും മാമൂലനുസരിച്ചു മാത്രം ശീമയിൽനിന്നും ഇറക്കുമതി ചെയ്യപ്പെട്ടുന്ന മെത്രാന്മാരെ "ബാവാ ബാവാ" എന്നു വിളിക്കുന്നതു നിരർത്ഥമാണെന്നും, "ബാവാ" എന്നുള്ളതു് ശീമക്കാരുടെ കുത്തകയല്ലെന്നും യോഗ്യപുരുഷന്മാരേയും ബാഹ്യപദത്തിനു യോഗ്യന്മാരാണെന്നും മറ്റും സൂചിപ്പിച്ചിട്ടുണ്ടെന്നുമല്ലാതെ ഞങ്ങൾ ഊഹിച്ചു കൊള്ളുന്നു.

* * * * * *

മിസ്സ് ഹോംസിനെ അനുമോദിച്ച പ്രസംഗികന്മാർ എല്ലാവരും ഒരുപോലെ [illegible] മൽ ചെയ്യാൻ മാനസപായതാ എന്നു തോന്നുമാറു തിരുമേനിയുടെ ഉപസംഹാരപ്രസംഗത്തിൽ "സഭയുടെ വിശ്വാസാചാരം" എന്നു സംഗതിക [illegible]

ശ്രദ്ധേയമാണ്. തിരുമേനിയുടെ കാലത്തു സഭ
[illegible] പലരും ഉപകാരംചെയ്യാൻ
[illegible]ട്ടുള്ളതും അപ്പോഴെക്കെ സഭയുടെ കാത
ലായ വിശ്വാസതത്വങ്ങളെ ഭേദപ്പെടുത്തുകയോ അ
തിനു ഉടവു തട്ടിക്കയോ ചെയ്യുന്ന മാത്രാ സംഗ
തികളിലും തിരുമേനി എതൃകൾ നമായി ശംസിക്ക
യും സൂക്ഷിക്കയും ചെയ്തിരുന്നു എന്നുള്ളതു തിരുമേ
നിയുടെ ഭരണം സൂക്ഷിച്ചിട്ടുള്ളവർക്ക് അറിയാകുന്ന
സംഗതികളാണ്. പട്ടിപ്പണിക്കുസു നടന്നുകൊ
ണ്ടിരിക്കുമ്പോഴും, ജയിച്ചുപ്പോഴും തോറ്റപ്പോഴും പു
തിയ ആദേശങ്ങൾ സഭയിൽ നടപ്പിൽ വരുമ്പോഴും
സഭയുടെ പുരാതനവിശ്വാസത്തിനു അനുയോജ്യ
മല്ലാത്തതെല്ലാം തിരുമേനി അതികഠിനമായി പ്രതി
ഷേധിച്ചിരുന്നുവെന്നുള്ളതു തിരുമേനിയുടെ എതൃക
ക്ഷികൾപോലും സമ്മതിക്കുന്ന ഒരു സത്യമാണ്.
"[illegible]യ മീനിനെ കണ്ടുമ്പോൾ കണ്ണടക്കുന്ന"
കൊക്കിനുള്ള സമ്പ്രദായം തിരുമേനിക്കു തീരെ ഇ
ല്ല. സ്ത്രീവിദ്യാഭ്യാസമായാലും എന്തായാലും ശരി
സഭയുടെ വിശ്വാസാചാരങ്ങൾക്കു വിപരീത"
മായതു തിരുമേനി അനുഗ്രഹിക്കയോ അനുവദി
ക്കയോ ചെയ്തിരുന്നില്ലെന്നു പൊതുവെ സമ്മതിക്ക
പ്പെട്ട സംഗതിതന്നെയാണ്. തന്റെ സഭയുടെ
നന്മ വിശ്വാസത്തെക്കുറിച്ചു ഇതുപോലെ ഉത്തമ
ബോധമുള്ള ഒരു സഭാധ്യക്ഷനാ വേശോസ്സുക്ക
നോ നമുക്കിപ്പോഴുള്ളതു രേവിതക്കിതമായ ഒരു
സംഗതിയായിരിക്കെ, ഇദ്ദേഹത്തെ വെട്ടുന്നതിനു
വിശുദ്ധ പാത്രിയക്കീസിനെ പ്രേരിപ്പിക്കയും, സു
ന്നഹദോസ്കമായി മുക്കപ്പെട്ടിട്ടില്ലാത്ത ആളും സ
ഭയുടെ പൂച്ചികചരിത്രം നിസ്സുക്കം തെളിയിക്കുന്നതും
ഇപ്പോഴത്തെ മോറാൻമാർ ഏലിയാ പാത്രിയക്കീ
സുപോലും സാക്ഷ്യപ്പെടുത്തിട്ടുള്ള മോറാൻ മാർ
അബ്ദ്മ്ശീഹാ പ്രഥമ കുര്യാക്കീസിനെ നമ്മുടെ "മേ
ത്രാപ്പോലീത്താ" യായ തിരുമേനി പാത്രിയക്കീസിന്റെ
നിലയിൽ കൈക്കൊണ്ടതു മൂലം ശിശ്മക്കാരനായി
ത്തീരുമെന്നും, മറ്റും പ്രചാരണംചെയ്യുവാൻ തക്ക
വണ്ണം സത്യം മറച്ചുവെപ്പിക്കുന്നതിനു സഭാധ്യക്ഷ
ന്മാരെപ്പോലും പ്രേരിപ്പിച്ച "ശുദ്ധശക്തി" എ
ന്തായിരുന്നാലും അതെക്കുറിച്ചു ഉപന്യാസത്തെ ഗത്യ
ന്തരമുള്ള പക്ഷം.

* * * * * *

ശ്രീമൻ ജെയിംസച്ചൻ കുയ്നവരകം രാജി
ക്കിരിബെയതിൽ ആദ്യം വളരെ പ്രതികൂലാനുഭവങ്ങ
ളുണ്ടായതു എന്നും പിന്നീടു വളരെ സന്തോഷ
കരമായ വിധത്തിലും, പ്രോത്സാഹജനകമായ നില
യിലും കാര്യങ്ങൾ പിന്നെ കലാശിച്ചിട്ടുണ്ടെന്നും അ
റിയുന്നതിൽ കൃതാർത്ഥതക്കു വഴിയുണ്ട്. ഇതിനുള്ള
കാരണങ്ങൾ എന്തൊക്കെയായിരുന്നാലും, സമാധാ
നത്തിനുള്ള സന്തോഷത്തിനു വകയുള്ള ഒരു സം
ഗതിതന്നെ ഇതെന്നു തീർച്ചയാണ്.

മിസ്റ്റർ. ജേക്കബ് കുയ്നന്റെ
സന്ധിയാലോചനകൾ

കുംഭം ൯-ന്റെ "പ്രതിദിന"ത്തിൽ മിസ്റ്റ
ർ ജേക്കബ് കുയ്നൻ ഇങ്ങനെ എഴുതുന്നു:—

"പ്രതിദിനം" പത്രാധിപക്കു

സർ,

മലങ്കരസുറിയാനിസമുദായത്തിലെ കുഴപ്പങ്ങ
ളുടെ പരിഹാരത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ മു
മ്പോട്ടു കൊണ്ടുപോകുന്നതിനുള്ള വിഷമതക
ളെ ഉന്മൂലിപ്പിച്ച കഴിഞ്ഞ ശനിയാഴ്ചയിലെ "പ്രേ
തിദിന"ത്തിൽ ഞാൻ എഴുതിയിരുന്നുവെങ്കിലും
അന്നുമുതൽ ആലോചനകൾ പ്രായോഗികതലങ്ങളാക്ക
നതിനു കുറെയൊക്കെ സാധിക്കുന്നുണ്ടെന്നാണു
തോന്നുന്നതു്. ഇപ്പോൾ ടി. ആലോചനകൾ ആ
ശാജനകമായ ഒരു നിലയിൽ എത്തിയിരിക്കുന്നു
വെന്നൊരു വിശ്വാസവും ആശ്വാസവും ഈ പ

ട്ടണത്തിലുള്ള ചിലർക്കെങ്കിലുമുണ്ടായിട്ടുണ്ട്. എതൃക
ക്ഷികളുടെ ആശകൾക്കു പരിഹാരവും തത്വങ്ങൾ
ക്കും അഭിമാനത്തിനും കഴിയുന്നതു ആദരവും നല
കുന്നതിനു ഇരുഭാഗക്കാർക്കും സമ്മതമുണ്ടായിക്കാണു
ന്നതാണു് ഇപ്പോഴത്തെ ആശകളുള്ള പ്രധാന കാര
ണം. "യാക്കോബായ വിശ്വാസത്തിനും അന്ത്യോ
ഖ്യാബന്ധത്തിനും വിധിതത്വങ്ങൾക്കു ഹാനി
നേരിടുവാൻ പാടില്ല എന്നുള്ള മിസ്റ്റർ: സി. ജെ. കു
യ്നന്റെ വാദത്തേയും "അബ്ദ്ദൂൽമശിഹാ പാത്രി
യക്കീസിന്റെയും മെത്രാന്മാരുടേയും അഭിമാനത്തി
നും പൊതുയോഗത്തിന്റേയും മലങ്കരമെത്രാന്റേ
യും നിലനില്പിനും ഹാനി നേരിടുവാൻ പാടില്ല"
എന്നുള്ള മെത്രാപ്പോലീത്താ അവർകളുടെ അഭി
പ്രായത്തേയും കൂട്ടിയിണക്കി രാജിക്കുള്ള ഒരു നിർദ്ദേശ
പത്രിക രയ്യാറാക്കുന്നതിനു കഴിഞ്ഞ തിങ്കളാഴ്ച കൈ
കൂട്ടി ഇരുഭാഗത്തേയും ചില പ്രമാണികളും ഞാ
നും ചേർന്ന മിസ്റ്റർ, സി. ജെ. കുയ്നന്റെ അനു
മതിയോടുകൂടി ഒരു റൌണ്ട്ടേബിൾ കോൺഫ്രൻ
സ് നടത്തുകയും ഈ കോൺഫ്രൻസ് ഏറ്റവും
വിജയകരമായി പരിണമിക്കയും നടക്കുണ്ട കുയ്നു
ങ്ങൾ എല്ലാം കാണിച്ച കോർട്ടിൽ കൊടുക്കുവാനാ
യി ഒരു ഫരജ്ജയുടെ നക്കലും പുതിയ മെത്രാന്മാരു
ടെ ഉടമ്പടിയെ സംബന്ധിച്ചു ഇരുഭാഗക്കാർക്കും സ
മ്മതമായ ഒരു പദ്ധതിയും ഉണ്ടാക്കുകയും ചെയ്തിരി
ക്കുന്നു. മി. പാലമ്പടം തോമസ്സ് മുതലായ മദ്ധ്യ
സ്ഥന്മാരും ഈ നിർദ്ദേശങ്ങളെ പൂർണ്ണമായി അനുകൂ
ലിക്കുന്നുണ്ട്. ഈ നക്കൽ ഇരുഭാഗത്തേയും നേ
താക്കന്മാരെ കാണിക്കുന്നതിനു അയച്ചിരിക്കുന്നു.
മക്കടമുഷ്ടിക്കാരും പുരുഷദ്വേഷികളുമായ അനർത്ഥ
കാരികളുടെ ശക്തിമത്തായ ഹേമംകൊണ്ടല്ലാതെ
ഈ വക്കലിൽ വലിയ ഭേദഗതികളും വരുത്തുവാൻ
കക്ഷികൾക്കു കായ്മുണ്ടാകയില്ലെന്നാണു ഞങ്ങളെ
ല്ലാവരും ഉപ്പായി വിശ്വസിക്കുന്നതു്.

അടുത്ത ചൊവ്വാഴ്ച നക്കലുകൾ തിരികെ
കൊണ്ടുവരുന്നതും വീണ്ടും യോഗംകൂടുന്നതും അ
ന്നു പ്രമാണികൾ ഇവിടെ സന്നിഹിതരാകുന്ന
തുമായിരിക്കും. വ്യവസ്ഥകൾ എന്തൊക്കെയാണെ
ന്നു ഇപ്പോൾ പ്രസ്താവിക്കുന്നില്ല. കക്ഷികളുടെ
മനസ്ഥിതിക്കു അല്പമകാരമായ ഭേദഗതിയും തൃപ്തി
കരമായ ആശയും പ്രകാശിപ്പുകാണുന്നതു സന്തോ
ഷകരം തന്നെ. ബഹുകക്ഷി മെത്രാപ്പോലീത്തമാർ
എല്ലാവരും ഇവിടെ ഉണ്ടു. മി. സി. ജെ. കുയ്നു
സൌഹാർദ്ദമായി സംസാരിപ്പാൻ ഇന്നിയും വൈദ്യന്മാർ
അനുവദിച്ചുകഴിഞ്ഞിട്ടില്ല. അടുത്ത ആഴ്ചയി
ലെ കോൺഫ്രൻസ് പൂർണ്ണവിജയത്തെ പ്രദാനം
ചെയ്യുമെന്നാണു എല്ലാവരുടേയും പ്രത്യാശ. ഈ
പദ്ധതി സ്വീകരിക്കാനുള്ള ഇരുകക്ഷികളും സമ്മ
തിച്ചുകഴിഞ്ഞാലും കുഴപ്പവും തർക്കവും ഉണ്ടാകുവാ
ൻ തക്ക പല ഗന്ധുകളും വീണ്ടും പ്രത്യക്ഷപ്പെട്ട
ന്നതായിരിക്കുമെന്നതിനെ ഞങ്ങൾ വിചാരിക്കു
ന്നു. നേതാക്കന്മാരും സമുദായാംഗങ്ങളും നിർമ്മല
ബുദ്ധിയോടും സഭയുടെ ഭാവിയെ മാത്രം കരുതി
യും പ്രവർത്തിക്കുമെന്നു നമുക്കു ആശിക്കാം.

കോട്ടയം. പി. ജേക്കബ് കുയ്നൻ.
൭—൫—൯൯

(൧-ാം പേജിൽനിന്നു തുടർച്ച)

കൂടപ്പെട്ടന്ന മജലിസ്സിൽ നമുക്കു ശരിയായ പ്രാതി
നിധ്യം ലഭിക്കുന്നപക്ഷം ഭൂരിപക്ഷം എവിടെ ആ
യിരിക്കുമെന്നാണു അച്ചൻന്റെ വിശ്വാസം?

അച്ചൻ:— നമുക്കായിരിക്കുമെന്നു തോന്നുന്നു.

ഞാൻ:— എറിയാൽ അൻപതു പള്ളിയുള്ള
പരുദേശത്തുകാർക്കു അവരുടെ പള്ളിസ്വത്തുക്കളു
ടെയും സ്വാതന്ത്ര്യത്തിന്റെയും സംബന്ധമുള്ള സംഗതിയി
ൽ മലങ്കരനടയോടു യാതൊരു ഉത്തരവാദിത്വവും,
വിധേയത്വവും പാടില്ലെന്നുള്ള നിർബന്ധമുള്ളപക്ഷം,
എത്രയോ മഹാവിസ്തൃതമായ മലങ്കരയുടെ പകുതി
അവയുടെ സ്വത്തിനേയും സ്വാതന്ത്ര്യത്തേയും സം
ബന്ധിക്കുന്നതായ സംഗതിയിൽ സ്വാതന്ത്ര്യമുണ്ടാ
യിരിക്കണമെന്നു പറയുന്നതിൽ എന്തൊരു അനൗ
ചിത്യമാണു അവിടുന്നു കാണുന്നതു?

അച്ചൻ:— അന്ത്യോഖ്യാബന്ധം പാടില്ലെന്നു
പറയുന്നതു നിശ്ചയമായും അനുചിതമാണു്.

ഞാൻ:— അന്ത്യോഖ്യാസിംഹാസനവുമായു
ള്ള ബന്ധം നിശ്ചയമായിട്ടും നമുക്കു ഉണ്ടായിരിക്കേ
ണ്ടതാണു്. മാർ ദിവന്നാസ്യോസുമെത്രാപ്പോലീ
ത്തായുടെ മനസ്സിലെക്കു ഇക്കാര്യത്തിൽ ചലുതാ
യ നിർബന്ധവുമുണ്ടു. ഒരു പ്രാചീനപൌരസ്ത്യസ
ഭയുമായുള്ള ബന്ധം കഴിക്കയെന്നുള്ളതു നമ്മുടെ സഭ
ക്കു പിന്നോക്കവും അപമാനകരമാണു് എന്നു സമ്മതിക്കു
ന്നു. എന്നാൽ അന്ത്യോഖ്യാസിംഹാസനത്തിന്റെ
മേൽക്കോയ്മയിൽ പണ്ടത്തെപ്പോലെ ഒരു കാതോലി
ക്കായുടെ ഭരണത്തിൽ മലങ്കരസഭക്കു സ്വാതന്ത്ര്യം
സിദ്ധിക്കുന്ന കാര്യത്തിൽ അവിടെ[illegible]
രീതിയുണ്ടു?

അച്ചൻ:— അന്ത്യോഖ്യാസിംഹാസനത്തി
ന്റെ മേൽക്കോയ്മയെ സ്വീകരിക്കുന്ന നിലയിൽ,
ഒരു കാതോലിക്കാ ഉണ്ടായിരിക്കുന്നതു എല്ലാപ്രകാര
ത്തിലും നന്നുതന്നെ.

ഞാൻ:— ഈ വിധത്തിൽ ഒരു കാതോലിക്കാ
സ്ഥാനം മലങ്കരസഭയ്ക്കു കിട്ടുകയെന്നുള്ളതു ഇപ്പോഴ
ത്തെ സങ്കടങ്ങൾക്കും ഒരു പരിഹാരമാർഗ്ഗമായി
രിക്കുമെന്നു അവിടുന്നു വിശ്വസിക്കുന്നുവോ?

അച്ചൻ:— അതേ, അതൊരു ശരിയായ പ
രിഹാരമാർഗ്ഗം തന്നെ. പക്ഷെ ഇപ്പോൾ ഏതു കക്ഷി
യിലുള്ളവർക്കാണ് കാതോലിക്കാസ്ഥാനം കൊടു
ക്കുന്നതു? അതാണ് വിഷമം.

ഞാൻ:— മാർ അത്താനാസ്യോസുമെത്രാപ്പോ
ലീത്തായെ കാതോലിക്കയാക്കുന്ന സംഗതിയിൽ മാർ ദീവ
ന്നാസ്യോസുമെത്രാപ്പോലീത്തായുടെ പരിപൂർണ്ണസന്തോഷമു
ണ്ടെന്നുള്ള സംഗതി അവിടുക്കു അറിഞ്ഞുകൂടെന്നു
തോന്നുന്നു. മലങ്കരസഭയ്ക്കു ഈ ഒരു സ്ഥാനം ഉറ
പ്പിച്ചുകിട്ടണമെന്നുള്ള ആഗ്രഹംകൊണ്ടും കൊ
ള്ളാം. ഈ സദുദ്ദേശത്തെ ഫലിപ്പിക്കുന്ന വിഷയ
ത്തിൽ മാർ അത്താനാസ്യോസുമെത്രാപ്പോലീത്തായുടെ അഭി
പ്രായം ചോദിയ്ക്കുന്നതിനുള്ള ഔചിത്യവും ചെയ്യുന്നതു ഞാൻ പ്രതീക്ഷിക്കുന്നു.

അച്ചൻ:— ഞാൻ തുടക്കത്തിൽ തന്നെ ആലുവ
യിൽ പോകുമ്പോൾ തിരുമനസ്സിയാട്ടു നിങ്ങളുമായി
നടത്തിയ ഈ സംഭാഷണത്തെപ്പറ്റി അറിയിക്കു
യും, കാതോലിക്കാസ്ഥാനത്തിന്റെ ആവശ്യകതയെ
പ്പറ്റി ആലോചിപ്പാൻ തിരുമനസ്സിയെ നിശ്ചയമാ
യി പ്രേരിപ്പിക്കയും ചെയ്യും.

ഞാൻ:— മാർ അത്താനാസ്യോസുമെത്രാപ്പോ
ലീത്തായുടെ ന്യായപൂർണ്ണമായ സ്വാതന്ത്ര്യ
ത്തെക്കാൾ അധികം തനിക്കു കൈവരുത്തിക്കൊടു
ക്കുന്ന മലങ്കരമെത്രാൻസ്ഥാനത്തെ വലുമിട്ടു പോകുന്ന
വിഷയത്തിൽ ബദ്ധശ്രദ്ധനാണെന്നു കേൾക്കുന്നതി
ൽ വല്ല വാസ്തവമുണ്ടോ? അടുത്ത മിസ്റ്റർ സി.
ജെ. കുയ്നൻ കൈയ്യിൽ ഒരു പാവപ്പാലെ മാത്ര
മാണെന്നും ശ്രുതി പൊന്തീട്ടുണ്ടു.

അച്ചൻ:— തിരുമനസ്സിയുടെ ക്ഷേ
മത്തെയും സമാധാനത്തെയും മനഃപൂർവ്വമായി കാം
ക്ഷിക്കുന്നവനാണു എന്നെ ഉത്തമബോധം. മി
സ്റ്റർ കുയ്നുമായി ഏതാനും സംഗതിയിൽ അഭിപ്രാ
യവ്യത്യാസമുണ്ടായ അവസരത്തിൽ അദ്ദേഹം എ
നിക്കു സ്ഥാനം തരുവിച്ചതു കുയ്നാണെങ്കിലും കു
യ്നൻ പറയുന്നതിനൊക്കെ തലകുലുക്കി ഉള്ളാൻ എ
ന്നെക്കൊണ്ടു ആവില്ല" എന്നു പറഞ്ഞിട്ടുള്ളതാ
യി കേട്ടിട്ടുണ്ടു.

(ആറാംപേജിൽനിന്നു തുടച്ച്)

വാവഹങ്ങളായി തോന്നിയതായി കാണുന്നില്ലാ. ദൈവസഭ എന്നു പറഞ്ഞാൽ അന്യോന്യം ഐക്യബന്ധത്തിനുള്ള ഒരു സംഘം മാത്രമായിരുന്നാൽ അതിനോടോ അതിലെ അംഗങ്ങളോടോ ചെയ്യപ്പോയ ഒരു കഠോരം സാധാരണലംഘനങ്ങളിൽ ഒന്നുപോലെ മാത്രമേ വിചാരിപ്പാനുള്ളൂ. നേരെമറിച്ച് സഭ ക്രിസ്തുവിന്റെ ശരീരമാണെന്നു വിചാരിക്കുമ്പോൾ അതിനോടോ അവയുടെ അവയവങ്ങളോടോ ചെയ്യുന്ന പീഡകളും അതിരറ്റ ഉയിർപ്പിനെ തടുക്കുന്നതിനു ചെയ്യുന്ന പ്രവൃത്തികളും ഭയങ്കരങ്ങളായ പാപങ്ങളായി വരുന്നതാണ്. വിശുദ്ധപൌലൊസ്സ് ഈ പാപത്തെ ഇപ്രകാരമായി വർണ്ണിക്കുകയും അത് സഭാരൂപമുള്ളപോലെ വിപരീതിക്കയും ചെയ്യുന്നതിന്റെ കാരണം അവനു സഭയുടെ [illegible] ഉണ്ടായിരുന്നു. വിശുദ്ധ അപ്പൊസ്തോലൻ തന്റെ ജീവിതത്തിലെ മഹാ വലിയ നിർഭാഗ്യമെന്നു വിചാരിക്കുന്ന ഈ സംഭവത്തിൽ നിന്നു നമുക്കു പഠിപ്പാൻ പലതും ഉണ്ട്. ഈ കാലത്ത് സഭയെ പീഡിപ്പിക്കുന്നവർ എത്ര, എത്തെല്ലാം വിധത്തിൽ, എന്നു ആലോചിച്ചാൽ കണക്കും കയ്യും ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു. ആളുംപ്രതിയുള്ള പഴക്കമൂലം ദൈവത്തിന്റെ സഭയെ പീഡിപ്പിക്കുവാൻ തക്കവണ്ണം ഒരുങ്ങിപുറപ്പെട്ടവർ ആരുതന്നെ ആയിരുന്നാലും അവരുടെ അവസ്ഥ എത്രമാത്രം ശോചനീയമാണ്. മലങ്കരയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ, കോനാട്ടുമല്പാൻ, സി. ജെ. കുര്യൻ ഇത്രയും ആളുകൾ എത്ര കാലം ലോകത്തിൽ സ്ഥിതിചെയ്യുമെന്നു ഒന്നു ചിന്തിച്ചു നോക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. എല്ലാവരും ഈ ലോകം വിടേണ്ടവരാണെന്നും ആ അവസരത്തിൽ തസ്തിസ്ഥാനം പൊയ്പോകുമെന്നും ഓർക്കാത്തവരല്ല അതിശയംതന്നെ. കൃസ്തീയപ്രമാണം ശത്രുക്കളെ സ്നേഹിക്കണമെന്നും തമ്മിൽതമ്മിൽ സ്നേഹിക്കണമെന്നുമാണല്ലോ. ഇത് അനുസരിച്ച് പ്രവൃത്തിക്കുന്ന മേലദ്ധ്യക്ഷന്മാരേയും [illegible] കാണ്മാൻ [illegible] കളയുന്ന പ്രവൃത്തികളും ഇരുമുഖന്മാരുടെയും [illegible] ഇതിനെതിരായി സർവ്വവും അന്യോന്യായ്ക്ഷ ഇരിപ്പാൻ തക്കവണ്ണം പ്രയാസങ്ങൾ സഹിക്കുന്നവർ അവസാനത്തിൽ സങ്കടത്തോടുകൂടി തൊഴിപ്പോയി എന്നു പറയുന്നതിനെക്കുറിച്ചുള്ളതാണെന്നു പറഞ്ഞുകൊള്ളുന്നു. മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള പാത്രിയർക്കീസന്മാർ സാക്ഷാൽ തങ്ങളുടെ ആസ്തിക്കു വേണ്ടിയും മറ്റുള്ളവർക്കു വേണ്ടിയും ചിലവഴിപ്പാൻ സന്നദ്ധന്മാരായിരുന്നു എന്നുള്ളത് ചരിത്രപാരായണംകൊണ്ടു അറിയാവുന്നതാണ്. എന്നാൽ പത്രോസ് പാത്രിയർക്കീസിന്റെ ശേഷമുള്ള പാത്രിയർക്കീസന്മാരെക്കുറിച്ച് എല്ലാവർക്കും പരിചയമുള്ളതുകൊണ്ട് വിസ്തരിക്കുന്നില്ല. എന്നാൽ ഇങ്ങിനെയുള്ള മേലധികാരികളുടെ കീഴിൽ നില്ക്കുന്നവർക്കുണ്ടാകുന്ന വിഷമതകൾ അനുഭവത്തിൽ വരുമ്പോൾ ഓരോരുത്തരും ഓർത്തുകൊള്ളും. ഇങ്ങിനെയുള്ള വിഷമതകളെ മനസ്സിലാക്കിക്കൊണ്ടാണ് മലങ്കരയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു മാദ്ധ്യസ്ഥത്തിനുള്ള അവകാശങ്ങളും അധികാരങ്ങളും അവരവർക്കുതന്നെ ഇരിക്കട്ടെയെന്നു വാഴിച്ചതു. അതിനെതിരായി സർവ്വവും അന്യോന്യായ്ക്ഷ ഇരിപ്പാൻ തക്കവണ്ണം പ്രയാസങ്ങൾ സഹിക്കുന്നവർ അവസാനത്തിൽ സങ്കടത്തോടുകൂടി തൊഴിപ്പോയി എന്നു പറയുന്നതിനെക്കുറിച്ചുള്ളതാണെന്നു പറഞ്ഞുകൊള്ളുന്നു. മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള പാത്രിയർക്കീസന്മാർ സാക്ഷാൽ തങ്ങളുടെ ആസ്തിക്കു വേണ്ടിയും മറ്റുള്ളവർക്കു വേണ്ടിയും ചിലവഴിപ്പാൻ സന്നദ്ധന്മാരായിരുന്നു എന്നുള്ളത് ചരിത്രപാരായണംകൊണ്ടു അറിയാവുന്നതാണ്. എന്നാൽ പത്രോസ് പാത്രിയർക്കീസിന്റെ ശേഷമുള്ള പാത്രിയർക്കീസന്മാരെക്കുറിച്ച് എല്ലാവർക്കും പരിചയമുള്ളതുകൊണ്ട് വിസ്തരിക്കുന്നില്ല. എന്നാൽ ഇങ്ങിനെയുള്ള മേലധികാരികളുടെ കീഴിൽ നില്ക്കുന്നവർക്കുണ്ടാകുന്ന വിഷമതകൾ അനുഭവത്തിൽ വരുമ്പോൾ ഓരോരുത്തരും ഓർത്തുകൊള്ളും. ഇങ്ങിനെയുള്ള വിഷമതകളെ മനസ്സിലാക്കിക്കൊണ്ടാണ് മലങ്കരയുടെ മാർ ദിവന്നാസ്യോസ്